ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:13.08.2026**

## പ്രധാനവാർത്തകൾ

1. വർഷകാല സമ്മേളനം പൂർത്തിയാക്കി പാർലമെന്റിന്റെ ഇരുസഭകളും അനിശ്ചിത കാലത്തേക്ക് പിരിഞ്ഞു ; സമ്മേളന കാലയളവിൽ 12 ബില്ലുകൾ പാസാക്കിയതായി കേന്ദ്രമന്ത്രി കിരൺ റിജിജു.

2. 80-ാം സ്വാതന്ത്ര്യദിനാഘോഷങ്ങൾക്ക് ഒരുങ്ങി രാജ്യം ; രാഷ്ട്രപതി ദ്രൗപദി മുർമു നാളെ രാത്രി 7 മണിക്ക് രാഷ്ട്രത്തെ അഭിസംബോധന ചെയ്യും.

3. വയനാട് ഉരുൾപൊട്ടൽ ദുരന്തത്തിന്റെ പുനഃരധിവാസ പട്ടികയിൽ ഉൾപ്പെട്ട എല്ലാവർക്കും രണ്ട് ലക്ഷം രൂപ വീതം ധനസഹായം നൽകാൻ സംസ്ഥാന മന്ത്രിസഭാ യോഗ തീരുമാനം.

4. ജനസൗഹൃദ പൊലീസ് സംവിധാനത്തിന് പുതിയ മുഖം നൽകുന്ന 'മൈ പൊലീസ് സ്റ്റേഷൻ' പദ്ധതിക്ക് സംസ്ഥാനത്ത് നാളെ തുടക്കമാകും.

5. സംസ്ഥാനത്ത് ശക്തമായ മഴയ്ക്കും കാറ്റിനും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്; എട്ട് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത.

RNUTVPM

6. കോമൺവെൽത്ത് ഗെയിംസിലെ മെഡൽ ജേതാക്കളായ മലയാളി താരങ്ങൾക്ക് കേരളത്തിന്റെ ആദരം ; ശ്രീശങ്കർ മുരളിക്കും മുഹമ്മദ് ബാസിലിനും 20 ലക്ഷം രൂപ പാരിതോഷികം നൽകും.

*******************************

## പാർലമെൻറ്

വർഷകാല സമ്മേളനം പൂർത്തിയാക്കി പാർലമെൻറിൻറെ ഇരുസഭകളും അനിശ്ചിത കാലത്തേക്ക് പിരിഞ്ഞു. സമ്മേളനത്തിൻറെ അവസാന ദിവസമായ ഇന്നും പ്രതിപക്ഷ ബഹളത്തെ തുടർന്ന് ഇരുസഭകളിലും നടപടികൾ തടസ്സപ്പെട്ടു. രാവിലെ സഭാ നടപടികൾ ആരംഭിച്ചപ്പോൾ തന്നെ ലോക്സഭ അനിശ്ചിതകാലത്തേക്ക് പിരിയുകയായിരുന്നു. പ്രധാനമന്ത്രി നരേന്ദ്ര മോദിയും കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായും ഇന്ന് സഭയിൽ സന്നിഹിതരായിരുന്നു. പ്രതിപക്ഷ ബഹളത്തിനിടെ ഖനന-ധാതു ഭേദഗതി ബിൽ രാജ്യസഭ പാസാക്കി. കേന്ദ്രമന്ത്രി ജി. കിഷൻ റെഡ്ഡിയാണ് ബിൽ അവതരിപ്പിച്ചത്. വർഷകാല സമ്മേളനത്തിൽ 12 ബില്ലുകൾ പാസാക്കിയതായി കേന്ദ്ര പാർലമെന്ററി കാര്യമന്ത്രി കിരൺ റിജിജു പിന്നീട് വാർത്താസമ്മേളനത്തിൽ അറിയിച്ചു.

*******************************

## മുഖ്യമന്ത്രി ഖനന ബിൽ

ഖനന ധാതു നിയന്ത്രണ ഭേദഗതി ബില്ലിനെതിരെ സംസ്ഥാനത്തിന്റെ പ്രതിഷേധം കേന്ദ്ര സർക്കാരിനെ അറിയിക്കുമെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ. തീരദേശവും വനവും ഉൾപ്പെടെയുള്ള മേഖലകളിൽ കേന്ദ്ര നിയന്ത്രണം വർധിപ്പിക്കുന്ന നീക്കത്തെയും സംസ്ഥാനം എതിർക്കുമെന്ന് മുഖ്യമന്ത്രി തിരുവനന്തപുരത്ത് വാർത്താ സമ്മേളനത്തിൽ അറിയിച്ചു.

RNU TVPM

******************************

## അക്കാദമി പുരസ്കാരം ( ഇൻട്രോ)

2024, 25 വർഷങ്ങളിലെ സംഗീത നാടക അക്കാദമി ഫെലോഷിപ്പുകളും പുരസ്ക്കാരങ്ങളും രണ്ട് മലയാളികൾ ഉൾപ്പെടെ 115 പേർക്ക് രാഷ്ട്രപതി ദ്രൗപദി മുർമു സമ്മാനിച്ചു. പുരസ്കാരം ലഭിച്ചതിൽ ഏറെ സന്തോഷവും അഭിമാനവുമുണ്ടെന്ന് മോഹിനിയാട്ടം അധ്യാപിക ഗിരിജ ചന്ദ്രൻ ആകാശവാണി വാർത്തകളോട് പറഞ്ഞു.

( വോയിസ്...)

ന്യൂഡൽഹിയിൽ നടന്ന ചടങ്ങിൽ കഥകളി കലാകാരൻ കലാമണ്ഡലം കൃഷ്ണകുമാറും പുരസ്ക്കാരം ഏറ്റുവാങ്ങി.

******************************

## സ്വാതന്ത്ര്യ ദിനം

എൺപതാമത് സ്വാതന്ത്ര്യ ദിനാഘോഷങ്ങൾക്കൊരുങ്ങി രാജ്യം. രാഷ്ട്രപതി ദ്രൗപദി മുർമു നാളെ രാത്രി 7 മണിക്ക് രാഷ്ട്രത്തെ അഭിസംബോധന ചെയ്യും. ന്യൂഡൽഹിയിലെ ചുവപ്പ് കോട്ടയിൽ മറ്റെന്നാൾ നടക്കുന്ന സ്വാതന്ത്ര്യ ദിനാഘോഷങ്ങൾക്ക് പ്രധാനമന്ത്രി നരേന്ദ്രമോദി നേതൃത്വം നൽകും. ചുവപ്പ്കോട്ടയിൽ ഇതാദ്യമായി ഇത്തവണ വന്ദേമാതരം ആലപിക്കും. ആഘോഷങ്ങൾക്ക് മുന്നോടിയായി ഇന്ന് ന്യൂഡൽഹിയിൽ ഫുൾ ഡ്രസ് റിഹേഴ്സൽ നടന്നു. സംസ്ഥാനങ്ങളിലും കേന്ദ്ര ഭരണ പ്രദേശങ്ങളിലും സ്വാതന്ത്ര്യ ദിനാഘോഷങ്ങൾ നടക്കും. ഹർഘർ തിരംഗയുടെ ഭാഗമായുള്ള പരിപാടികളും പുരോഗമിക്കുകയാണ്. രാജ്യമെമ്പാടും ശക്തമായ സുരക്ഷാ ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നത്.

******************************

RNU TVPM

## വ്യോമസേന- ബാൻഡ് ടീം

സ്വാതന്ത്ര്യദിനാഘോഷങ്ങളുടെ ഭാഗമായി തിരുവനന്തപുരം ദക്ഷിണ വ്യോമസേനയുടെ ബാൻഡ് ടീം അവതരിപ്പിക്കുന്ന സംഗീത വിരുന്ന് നിശാഗന്ധി ഓഡിറ്റോറിയത്തിൽ അൽപസമയത്തിനകം ആരംഭിക്കും. കണ്ണൂർ ഏഴിമല നാവിക അക്കാദമിയിലെ നേവി ബാൻഡിന്റെ പ്രത്യേക സംഗീത പരിപാടിയും സംഘടിപ്പിച്ചിട്ടുണ്ട്.

******************************

## ബിന്ദു കൃഷ്ണ

വനിതാ ശിശു വികസന വകുപ്പ് സ്വാതന്ത്ര്യദിനത്തിന്റെ ഭാഗമായി സംഘടിപ്പിക്കുന്ന വനിതാ നടത്തം നാളെ രാത്രി 9.30 മുതൽ മറ്റെന്നാൾ പുലർച്ചെ ഒരു മണിവരെ തിരുവനന്തപുരം നഗരത്തിൽ സംഘടിപ്പിക്കുമെന്ന് മന്ത്രി ബിന്ദു കൃഷ്ണ. 'സ്വാതന്ത്ര്യം പകലിൽ മാത്രമല്ല, രാത്രിയിലും' എന്നതാണ് വനിതാ നടത്തത്തിൻറെ സന്ദേശം. പരിപാടി മുഖ്യമന്ത്രി വി ഡി സതീശൻ ഉദ്ഘാടനം ചെയ്യും.

RNU TVPM

******************************

## മൈ പൊലീസ് സ്റ്റേഷൻ (ഇൻട്രോ)

സംസ്ഥാനത്ത് ജനസൗഹൃദ പൊലീസ് സംവിധാനത്തിന് നവീന മുഖം നൽകുന്ന 'മൈ പൊലീസ് സ്റ്റേഷൻ' പദ്ധതിക്ക് നാളെ തുടക്കമാകും. സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം പേരൂർക്കട പൊലീസ് സ്റ്റേഷനിൽ മുഖ്യമന്ത്രി വി.ഡി. സതീശൻ നിർവഹിക്കും. ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല അധ്യക്ഷനാകും. **കൂടുതൽ വിവരങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്....**

**( വോയിസ്... )**

******************************

## ഇന്ത്യ - യു എസ് അഭ്യാസം

ഇന്ത്യ - യുഎസ് നാവികസേനകളുടെ സംയുക്ത സ്ഫോടകവസ്തു നിർവീര്യമാക്കൽ അഭ്യാസപ്രകടനം നാളെ കൊച്ചിയിൽ സമാപിക്കും. അഞ്ച് ദിവസത്തെ അഭ്യാസപ്രകടനത്തിൽ സ്പെഷ്യലിസ്റ്റ് ഡൈവിംഗ്, ക്രോസ്-ട്രെയിനിംഗ്, ഉപകരണങ്ങളുടെ പ്രദർശനം, പ്രായോഗിക പരിശീലനങ്ങൾ എന്നിവ ഉൾപ്പെടുത്തി. 2005 മുതൽ നടത്തിവരുന്ന ഉഭയകക്ഷി പരിശീലന അഭ്യാസത്തിൻ്റെ എട്ടാം പതിപ്പാണിത്.

******************************

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

(ബ്രേക്ക്)

******************************

## മന്ത്രിസഭാതീരുമാനം- മുഖ്യമന്ത്രി

വയനാട് മുണ്ടക്കൈ-ചൂരൽമല ഉരുൾപൊട്ടൽ ദുരന്തത്തിന്റെ പുനഃരധിവാസ പട്ടികയിൽ ഉൾപ്പെട്ട എല്ലാവർക്കും രണ്ട് ലക്ഷം രൂപ വീതം ധനസഹായം നൽകാൻ സംസ്ഥാന മന്ത്രിസഭാ യോഗ തീരുമാനം. ഇതിനായി അഞ്ച് കോടിയിലധികം രൂപയുടെ അധിക ഫണ്ട് അനുവദിക്കുമെന്ന് മുഖ്യമന്ത്രി വി.ഡി സതീശൻ വാർത്താസമ്മേളനത്തിൽ അറിയിച്ചു. സർക്കാർ ജീവനക്കാർക്കുള്ള ഉത്സവ ആനുകൂല്യങ്ങൾ നൽകുമെന്നും മെഡിസെപ് പദ്ധതി പുനഃക്രമീകരിക്കുമെന്നും അദ്ദേഹം പറഞ്ഞു.

******************************

PNU TVPM

## അത്തച്ചമയം-എറണാകുളം (ഇൻട്രോ)

ഓണാഘോഷങ്ങൾക്ക് ഔദ്യോഗിക തുടക്കം കുറിച്ച് തൃപ്പൂണിത്തുറ അത്തച്ചമയ ആഘോഷങ്ങൾ ഞായറാഴ്ച തുടങ്ങും. രാവിലെ ഒമ്പതിന് ഗവൺമെൻറ് ബോയ്സ് ഹൈസ്കൂളിലെ അത്തം നഗറിൽ മുഖ്യമന്ത്രി ഘോഷയാത്ര ഉദ്ഘാടനം ചെയ്യും.

**ആകാശവാണി എറണാകുളം ജില്ലാ പ്രതിനിധി പി.നഹീമ തയ്യാറാക്കിയ റിപ്പോർട്ട്......**

(വോയ്സ്)

*********************************

## മഴ - കേരളം

സംസ്ഥാനത്ത് ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് . ഇന്ന് എട്ട് ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. നാളെ ആറു ജില്ലകളിലും മഞ്ഞ ജാഗ്രതാ നിർദേശം നൽകിയിട്ടുണ്ട്. ശക്തമായ കാറ്റിന് സാധ്യതയുള്ളതിനാൽ ജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് ദുരന്ത നിവാരണ അതോറിറ്റി മുന്നറിയിപ്പ് നൽകി.

PNUTVPM

*********************************

## കായിക താരങ്ങൾക്ക് അംഗീകാരം

കോമൺവെൽത്ത് ഗെയിംസിൽ മെഡൽ നേടിയ മലയാളി കായിക താരങ്ങൾക്ക് കേരളത്തിൻറെ ആദരം. ലോങ്ങ് ജംപിൽ വെള്ളി മെഡൽ നേടിയ ശ്രീശങ്കർ മുരളിക്കും പാര അത്ലറ്റിക്സിൽ വെള്ളി ലഭിച്ച മുഹമ്മദ് ബാസിലിനും 20 ലക്ഷം രൂപ പാരിതോഷികം നൽകും. 12 വയസ്സിന് താഴെയുള്ളവരുടെ ലോക ചെസ്സ് ചാമ്പ്യൻഷിപ്പിലെ വിജയി ദിവി ബിജേഷിനും അണ്ടർ 23 ഏഷ്യൻ ഗെയിംസ് മിക്സഡ് റിലേയിൽ സ്വർണ്ണം നേടിയ സാന്ദ്ര

മോൾ സാബുവിനും 20 ലക്ഷം രൂപ വീതവും സമ്മാനിക്കും. കോമൺവെൽത്ത് ഗെയിംസിൽ മികച്ച പ്രകടനം കാഴ്ചവെച്ച സജൻ പ്രകാശ്, അൻസ ബാബു എന്നിവർക്ക് 5 ലക്ഷം രൂപ വീതവും നൽകും.

*****************************

## നിയമനം

അന്താരാഷ്ട്ര-ദേശീയ തലങ്ങളിൽ വിവിധ കായിക ഇനങ്ങളിൽ നേട്ടം കൈവരിച്ച നാല് മലയാളി കായിക താരങ്ങൾക്ക് മുംബൈ ആദായനികുതി വകുപ്പ് സ്പോർട്സ് ക്വാട്ടയിൽ നിയമനം നൽകി. സാന്ദ്രമോൾ സാബു, ജിൽന എം.വി, ശ്യാം പ്രസാദ് യു, അൽഫോൻസിയ എം എന്നിവർ മുംബൈ ആദായനികുതി പ്രിൻസിപ്പൽ ചീഫ് കമ്മീഷണർ അലോക് കുമാറിൽ നിന്ന് നിയമന ഉത്തരവുകൾ ഏറ്റുവാങ്ങി. ഫുട്ബോൾ, അത്ലറ്റിക്സ്, ബാഡ്മിൻ്റൺ എന്നീ ഇനങ്ങളിൽ കഴിവ് തെളിയിച്ച താരങ്ങളാണിവർ.

*****************************

## സിബിഎസ്ഇ

സി.ബി.എസ്.ഇ പന്ത്രണ്ടാം ക്ലാസ് സപ്ലിമെൻററി പരീക്ഷാ ഫലം പ്രസിദ്ധീകരിച്ചു. results.digilocker.gov.in എന്ന വെബ്സൈറ്റിൽ ഫലം ലഭ്യമാണ്.

*********************************************************************************************

*****************************

RNU TVPM